സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഡോക്ടറുടെ വേഷത്തിലെത്തി നവജാത ശിശുവിനെ തട്ടിക്കൊണ്ടുപോയി, 24 മണിക്കൂറിനുള്ളിൽ കണ്ടെത്തി പോലീസ്

കലബുർഗി: കർണാടകയിലെ കലബുർഗിയിൽ ഡോക്ടറുടെ വേഷത്തിലെത്തി നവജാത ശിശുവിനെ തട്ടിക്കൊണ്ടുപോയി. സംഭവം നടന്ന് 24 മണിക്കൂറിനുള്ളിൽ തന്നെ പോലീസ് കുഞ്ഞിനെ കണ്ടെത്തി. തിങ്കളാഴ്ച വൈകീട്ട് കലബുർഗിയിലെ സർക്കാർ ജില്ലാ ആശുപത്രിയിലാണ് സംഭവം. ചിത്താപൂർ സ്വദേശികളായ രാമകൃഷ്ണയുടേയും കസ്തൂരിയുടേയും കുട്ടിയെയാണ് തട്ടിക്കൊണ്ടുപോയത്. കൂടുതൽ ചികിത്സയ്ക്ക് വേണ്ടി ഐസിയുവിലേക്ക് മാറ്റണം എന്നുപറഞ്ഞാണ് അമ്മയുടെ അരികിൽ നിന്ന് കുഞ്ഞിനെ എടുത്ത് കൊണ്ടുപോയത്. കുറ്റവാളികൾ മനുഷ്യക്കടത്ത് മാഫിയയുടെ ഭാഗമാണോ എന്ന് സംശയിക്കുന്നുണ്ട്. സംഭവത്തിൽ പോലീസ് വിശദമായ അന്വേഷണം ആരംഭിച്ചു.

www.swathanthramandapam.com വാല്യം: 59 ലക്കം: 199 2024 നവംബർ 27 ബുധൻ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

അദാനി വിഷയത്തിൽ ലോക്സഭയിൽ ബഹളം;

കൈക്കൂലിക്കാര്യം കുറ്റപത്രത്തിലില്ലെന്ന് മുകുൾ റോഹ്ത്തഗി

ന്യൂഡൽഹി: അദാനി വിഷയം സഭ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ലോക്സഭയിൽ പ്രതിപക്ഷ ബഹളം. അദാനിയെ ഭരണകൂടം സംരക്ഷിക്കുന്നതായും പ്രതിപക്ഷം ആരോപിച്ചു. ബഹളത്തെത്തുടർന്ന് സ്പീക്കർ സഭ 12 മണിവരെ നിർത്തിവെച്ചു. രാജ്യസഭയും നിർത്തിവെച്ചു

അദാനി യു.എസ്സിലെ നിക്ഷേപകരെ കബളിപ്പിച്ചെന്നും ഉദ്യോഗസ്ഥർക്ക് കൈക്കൂലി നൽകിയെന്നുമുള്ള യു.എസ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷന്റെ കുറ്റാരോപണത്തിന് പിന്നാലെയാണ് പ്രതിപക്ഷം ലോക്സഭ സ്തംഭിപ്പിച്ചത്. അദാനി വിഷയത്തിനുപുറമേ സംഭാൽ വിഷയവും മണിപ്പൂർ കലാപവും അടിയന്തര വിഷയങ്ങളായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷം നോട്ടീസ് നൽകി.

ഗൗതം അദാനിക്കും പ്രധാനമന്ത്രി നരേന്ദ്രമോദിക്കുമെതിരെ ഗുരുതര ആരോപണങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ കോൺഗ്രസ് ഉയർത്തിയതിന്റെ തുടർച്ചയാണ് ഇന്ന് ലോകസഭയിൽ അരങ്ങേറിയ ബഹളങ്ങൾ. അദാനിയെ പ്രധാനമന്ത്രി സംരക്ഷിക്കുകയാണെന്നും ഇന്ത്യയിൽ അദാനിയും മോദിയും ഒന്നാണെന്നും ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ആരോപിച്ചിരുന്നു. അദാനിയെ എന്തുകൊണ്ടാണ് അറസ്റ്റ് ചെയ്യാത്തതെന്ന് ചോദിച്ച അദ്ദേഹം ഇന്ത്യയിൽ അദാനിയെ ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്നും വിമർശിച്ചു.

'അദാനിയെ അറസ്റ്റ് ചെയ്യുക, ചോദ്യം ചെയ്യുക. അവസാനം നരേന്ദ്ര മോദിയുടെ പേര് പുറത്തുവരും. കാരണം ബിജെപിയുടെ മുഴുവൻ ഫണ്ടിങ്ങും അദാനിയുടെ കൈകളിലാണ്. അതുകൊണ്ട് പ്രധാനമന്ത്രി ആഗ്രഹിച്ചാലും ഒന്നും ചെയ്യാൻ കഴിയില്ല. ഒരു തരത്തിൽ പറഞ്ഞാൽ അദാനി രാജ്യത്തെ ഹൈജാക്ക് ചെയ്തു. ഇന്ത്യ അദാനിയുടെ പിടിയിലാണ്.'– അദാനി വിഷയത്തിൽ പ്രതിപക്ഷത്തിന്റെ നിലപാട് രാഹുൽ ഗാന്ധി വ്യക്തമാക്കിയത് ഇങ്ങനെയായിരുന്നു.

അദാനി രാജ്യത്തെ കൊള്ളയടിക്കുകയാണെന്നും അഴിമതി നടത്തിയിട്ടും സ്വതന്ത്രനായി നടക്കുന്നതിൽ തനിക്ക് അത്ഭുതം തോന്നുന്നുവെന്നും അദാനിക്കു പിന്നിൽ വലിയ കണ്ണികളാണുള്ളതെന്നും സെബി മേധാവിയും പ്രധാനമന്ത്രിയും അദാനിയെ സംരക്ഷിക്കുകയാണെന്നും അദാനി ഉൾപ്പെട്ട അഴിമതി കേസിൽ പ്രധാനമന്ത്രിക്കും പങ്കുണ്ടെന്നും രാഹുൽ നേരത്തെ ആരോപിച്ചിരുന്നു.

ഗൗതം അദാനിയും സാഗർ അദാനിയും കൈക്കൂലി നൽകിയതായി അമേരിക്കൻ കുറ്റപത്രത്തിൽ പരാമർശിച്ചിട്ടില്ല എന്നാണ് അദാനി ഗ്രൂപ്പിനെ പിന്തുണച്ചുകൊണ്ട് മുതിർന്ന അഭിഭാഷകൻ മുകുൾ റോഹ്ത്തഗി പ്രതികരിച്ചത്. അദാനി ഗ്രൂപ്പിലെ ചില ഉദ്യോഗസ്ഥർക്ക് എതിരെയാണ് പരാമർശമെന്നും ആർക്ക് കൈക്കൂലി നൽകിയെന്നത് വ്യക്തമല്ലെന്നും റോഹ്ത്തഗി പ്രതികരിച്ചു.

സന്ദീപ് വാര്യർ ശരിക്കും 'പണിതുടങ്ങി'; 'നെഞ്ചിടിച്ച്' സുരേന്ദ്രനും കൂട്ടരും



തിരു: ബിജെപി വിട്ട് കോൺഗ്രസിലെത്തിയ സന്ദീപ് വാര്യർ ശരിക്കും പണി തുടങ്ങി. ബിജെപിയിലെ അസംതൃപ്തരെ കോൺഗ്രസിൽ എത്തിക്കാനുള്ള നടപടികളുമായി മുന്നോട്ടു പോവുകയാണ് അദ്ദേഹം. ഇത് വ്യക്തമാക്കി ഫേസ്ബുക്കിൽ കുറിപ്പിടുകയും ചെയ്തു. ബിജെപി വിട്ട് കോൺഗ്രസിലെത്തുന്ന ഒരാളും രാഷ്ട്രീയമായി അനാഥമാവില്ല എന്ന ഉറപ്പും അദ്ദേഹം നൽകുന്നുണ്ട്. 'വെറുപ്പിന്റെയും വിദ്വേഷത്തിന്റെയും പ്രത്യയശാസ്ത്രത്തെ പൂർണ്ണമായും തള്ളിപ്പറഞ്ഞ് മതനിരപേക്ഷതയുടെ ഭാഗമാവാൻ , കോൺഗ്രസ് പ്രസ്ഥാനത്തിന്റെ പ്രത്യയശാസ്ത്രത്തോട് ഐക്യപ്പെടുവാൻ സന്നദ്ധതയുള്ള ഒരാളും രാഷ്ട്രീയമായി അനാഥമാവില്ല. ഇതുറപ്പാണ്'. എന്നാണ് സന്ദീപ് ഫേസ്ബുക്കിൽ കുറിച്ചത്. ബിജെപിയിലെ അസംതൃപ്തരെയാണ് സന്ദീപ് ലക്ഷ്യമിടുന്നതെന്ന് വ്യക്തം.

കഴിഞ്ഞദിവസം ബിജെപിയിൽ നിന്ന് രാജിവച്ച വയനാട് മുൻ ജില്ലാപ്രസിഡന്റ് കെ പി മധുവിനെ കോൺഗ്രസിലെത്തിക്കാനുള്ള നീക്കവും സന്ദീപ് വാര്യർ തുടരുകയാണ്. മധുവുമായി അദ്ദേഹം ബന്ധപ്പെട്ട് ഇക്കാര്യത്തിൽ ചർച്ച നടത്തിയെന്നാണ് വിവരം. സന്ദീപ് വാര്യർ ബന്ധപ്പെട്ടുവെന്നും ആലോചിച്ച് മറുപടി അറിയിക്കാമെന്ന് പറഞ്ഞതായും കെ പി മധു ഒരു സ്വകാര്യ ചാനലിനോട് പറയുകയും ചെയ്തു.

മധുവിനെ എൽഡിഎഫിലെത്തിക്കാനുള്ള നീക്കവും സജീവമാണ്. ആവശ്യങ്ങൾ അംഗീകരിച്ചാൽ എൽഡിഎഫുമായോ യുഡിഎഫുമായോ സഹകരിക്കുമെന്നും മധു വ്യക്തമാക്കിയിട്ടുണ്ട്. പാർട്ടിയിൽ നിന്ന് രാജിവച്ചശേഷം ബിജെപിക്കാർ ആരും ബന്ധപ്പെട്ടിട്ടില്ലെന്നും ചില പ്രാദേശിക പ്രവർത്തകർ അവരുടെ വിഷമം പറഞ്ഞിരുന്നുവെന്നും മധു വ്യക്തമാക്കി. നേതൃത്വവുമായുള്ള ഉടക്കിനെത്തുടർന്ന് ഇന്നലെയാണ് ബിജെപിയിൽ നിന്ന് മധു രാജിവച്ചത്.

സന്ദീപ് വാര്യർക്കും മധുവിനും പിന്നാലെ കൂടുതൽ ബിജെപി നേതാക്കൾ പാർട്ടിവിട്ട് കോൺഗ്രസിലേക്ക് ചുവടുമാറുമോ എന്ന് സംസ്ഥാന നേതൃത്വത്തിന് ഭയമുണ്ട്. നിർണായകമായ ഒരു തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് ഏറെ ജനസ്വാധീനമുള്ള സന്ദീപ് വാര്യരെ പിണക്കി കോൺഗ്രസിലെത്തിച്ചത് സംസ്ഥാന നേതൃത്വത്തിന്റെ പിടിപ്പുകേടാണെന്നാണ് പ്രവർത്തകരിൽ ഭൂരിഭാഗവും പറയുന്നത്. അതിന്റെ ഫലം പാലക്കാട്ടെ തിരഞ്ഞെടുപ്പിൽ വ്യക്തമായി പ്രതിഫലിപ്പിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഒരു എംഎൽഎ പോലുമില്ലാത്ത പാർട്ടിയിൽ ഇതുപോലെ നേതാക്കൾ പരസ്പരം പാരവയ്പ്പുമായി ഇറങ്ങിയാൽ എങ്ങനെ ജനങ്ങൾ പാർട്ടിയെ വിശ്വാസത്തിലെടുക്കുമെന്നും അവർ ചോദിക്കുന്നു.

അതേസമയം, കേരളത്തിലെ തർക്കത്തിൽ കെ.സുരേന്ദ്രന് ബിജെപി കേന്ദ്ര നേതൃത്വത്തിന്റെ പൂർണ പിന്തുണ. സംസ്ഥാന അദ്ധ്യക്ഷനായി നിയമസഭാ തിരഞ്ഞെടുപ്പ് വരെ സുരേന്ദ്രൻ തുടരട്ടെയെന്നാണ് കേന്ദ്ര നേതൃത്വത്തിന്റെ നിലപാട്. പാലക്കാട്ടെ തോൽവി സംബന്ധിച്ച് സുരേന്ദ്രൻ നൽകിയ റിപ്പോർട്ട് കേന്ദ്ര നേതൃത്വം അംഗീകരിച്ചു. പാലക്കാട് ബിജെപി നേതാക്കളെ പരസ്യപ്രതികരണത്തിൽ നിന്നും വിലക്കിയതോടെ ഇനിയൊരു പൊട്ടിത്തെറി ഉണ്ടാകില്ലെന്ന വിലയിരുത്തലിലാണ് നേതൃത്വം. ഉപതിരഞ്ഞെടുപ്പ് ഫലത്തെ ചൊല്ലി നഗരസഭാ അദ്ധ്യക്ഷയുടെ ഉൾപ്പെടെ വിമർശനം വലിയ ചർച്ചകൾക്ക് വഴിവച്ചിരുന്നു. കൗൺസിലർമാരെ അനുനയിപ്പിക്കാനുള്ള നീക്കങ്ങളും നേതൃത്വം നടത്തും.

പതിനെട്ടാം പടിയിൽ നിന്നുള്ള വിവാദ ചിത്രം; പോലീസുകാർക്ക് കണ്ണൂരിൽ കഠിന പരിശീലനം

ശബരിമല: പതിനെട്ടാം പടിയിൽനിന്ന് ഫോട്ടോ എടുത്ത പോലീസുകാർക്ക് നല്ലനടപ്പിനുള്ള തീവ്രപരിശീലനം. എന്നാൽ പരിശീലനം എത്ര ദിവസത്തേക്കാണ് എന്നത് വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട ഉത്തരവ് ഇന്ന് പുറത്തിറങ്ങും. എസ്എപി ക്യാംപിലെ പോലീസുകാരാണ് ഫോട്ടോ എടുത്തത്.

ശബരിമലയിലെ ജോലിയിൽ നിന്ന് ഇറങ്ങിയ ഇവരെ കണ്ണൂരിലേക്ക് മാറ്റും. വീട്ടിലേക്ക് പോകാനാവാത്ത വിധം തീവ്രപരിശീലനമായിരിക്കും നൽകുക. തുടർ നടപടികളെ കുറിച്ചും ആലോചിക്കുന്നുണ്ടെന്നാണ് റിപ്പോർട്ട്.

ആചാരലംഘനമാണെന്നും ഇത്തരത്തിൽ ഫോട്ടോ എടുക്കരുതെന്ന് അറിയില്ലായിരുന്നുവെന്നും പോലീസുകാർ വിശദീകരണം നൽകിയിരുന്നു. എന്നാൽ ഇതെല്ലാം തള്ളിക്കളഞ്ഞു. അവിടെ ജോലി ചെയ്യുന്ന പോലീസുകാർക്ക് ഇത്തരം കാര്യങ്ങൾ അറിയണമെന്നാണ് ഉന്നതവൃത്ത ഭാഷ്യം.

തിങ്കളാഴ്ച്ച സന്നിധാനം ചുമതലയൊഴിഞ്ഞ പോലീസുകാർ പതിനെട്ടാം പടിയിൽ പിന്തിരിഞ്ഞുനിൽക്കുന്ന ഫോട്ടോയെടുത്തതാണ് പ്രശ്നങ്ങൾക്ക് തുടക്കം. സോഷ്യൽ മീഡിയയിൽ ഫോട്ടോ പ്രചരിക്കുകയും വലിയ രീതിയിൽ വിമർശനം ഉയരുകയും ചെയ്തിരുന്നു. തുടർന്ന് ഹൈക്കോടതി ഇടപെട്ട് ഏകോപന ചുമതലയുള്ള എഡിജിപിയോട് വിശദീകരണം ചോദിക്കുകയായിരുന്നു. എഡിജിപി സന്നിധാനത്തിന്റെ സുരക്ഷ ചുമതലയുള്ള ബൈജുവിനോട് വിശദീകരണം ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട വിശദമായ റിപ്പോർട്ട് എഡിജിപി വ്യാഴാഴ്ച്ച ഹൈക്കോടതിയിൽ സമർപ്പിക്കും

ധനുഷ് – നയൻതാര തർക്കം ഹൈക്കോടതിയിലേക്ക്; ഹർജി നൽകി നടൻ

ചെന്നൈ: ധനുഷ് – നയൻതാര തർക്കം ഹൈക്കോടതിയിലേക്ക്. നെറ്റ്ഫ്ലിക്സ് ഡോക്യുമെന്ററി വിഷയത്തിൽ നയൻതാരയ്ക്കെതിരെ ധനുഷ് മദ്രാസ് ഹൈക്കോടതിയിൽ ഹർജി നൽകി. നയൻതാര പകർപ്പവകാശം ലംഘിച്ചെന്നാണ് ധനുഷ് കോടതിയിൽ നൽകിയ ഹർജിയിൽ പറയുന്നത്. ധനുഷിന്റെ ഹർജി ഫയലിൽ സ്വീകരിച്ചു.

'ബിയോണ്ട് ദി ഫെയറിടെയിൽ' എന്ന ഡോക്യുമെന്ററിക്കായി 'നാനും റൗഡി താൻ' എന്ന ചിത്രത്തിൽ നിന്നുള്ള ദൃശ്യങ്ങൾ ഉപയോഗിക്കുന്നതിന് എൻഒസി നൽകാത്തതിനെക്കുറിച്ച് ധനുഷിനെതിരെ തുറന്ന കത്തുമായി നയൻതാര രംഗത്തെത്തിയിരുന്നു. ഇതോടെ കോളിവുഡിൽ ഇത് വലിയ വിവാദത്തിന് കാരണമായി. പിന്നീട് ചിത്രത്തിലെ ദൃശ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് നെറ്റ്ഫ്ലിക്സിൽ ഡോക്യുമെന്ററി റിലീസ് ചെയ്തു. ഇതിന് പിന്നാലെയാണ് ധനുഷ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നത്.

നയൻതാരയെ നായികയാക്കി വിഘ്നേഷ് ശിവൻ സംവിധാനം ചെയ്ത 'നാനും റൗഡി താൻ' എന്ന ചിത്രത്തിന്റെ നിർമ്മാണം ധനുഷ് ആയിരുന്നു. ഈ സിനിമയുടെ സെറ്റിൽ വച്ചാണ് നയൻതാരയും വിഘ്നേഷ് ശിവനും പ്രണയത്തിലാവുന്നത്. അതുകൊണ്ട് തന്നെ വിവാഹ ഡോക്യുമെന്ററിയിൽ ആ സിനിമയെ കുറിച്ച് പരാമർശിക്കുന്നുണ്ട്.

അതേസമയം, ഡോക്യുമെന്ററിയിൽ ഉൾപ്പെടുത്തിയ ദൃശ്യം ചിത്രീകരിച്ചത് തന്റെ സ്വകാര്യ ഫോണിലാണെന്ന് നയൻതാര വ്യക്തമാക്കിയിരുന്നു. എന്നാൽ അതിന് ധനുഷിന്റെ അഭിഭാഷകന്റെ മറുപടി ഇങ്ങനെയാണ്: 'എന്റെ കക്ഷി ഈ സിനിമയുടെ നിർമ്മാതാവാണ്. ഓരോ തുകയും എവിടെയാണ് ചെലവഴിച്ചതെന്ന് അദ്ദേഹത്തിനറിയാം. സിനിമയുടെ പിന്നാമ്പുറ ചിത്രങ്ങൾ ഷൂട്ട് ചെയ്യാൻ എന്റെ കക്ഷി ആരെയും ചുമതലപ്പെടുത്തിയിട്ടില്ല.'

കാറും ബൈക്കും കൂട്ടിയിടിച്ച് യുവാവ് മരിച്ചു

വലപ്പാട്: ഇന്നലെ രാത്രി നാട്ടികയിൽ കാറും ബൈക്കും കൂട്ടിയിടിച്ച് ഗുരുതര പരിക്കേറ്റ് തൃശൂർ അശ്വിനി ആശുപത്രിയിൽ പ്രവേശിപ്പിച്ച ചാവക്കാട് തിരുവത്ര തറയിൽ വീട്ടിൽ പ്രദീപിന്റെ മകൻ ശ്രീഹരി (23) ഇന്ന് രാവിലെ മരണപ്പെട്ടു.

'എനിക്ക് ഭൂമിയിൽ വളരെ കുറച്ച് സമയമേ ഉള്ളൂ, മുന്നറിപ്പ് ലഭിച്ചു'; ഔദ്യോഗിക പദവികളിൽ നിന്ന് ഒഴിയുന്നുവെന്ന് കെ സച്ചിദാനന്ദൻ



തൃശൂർ: സാഹിത്യ അക്കാദമി ഉൾപ്പടെയുള്ള ഔദ്യോഗിക പദവികളിൽ നിന്ന് ഒഴിവാകുന്നതായി കവി കെ സച്ചിദാനന്ദൻ അറിയിച്ചു. അയ്യപ്പപ്പണിക്കർ ഫൗണ്ടേഷൻ, ആറ്റൂർ രവിവർമ ഫൗണ്ടേഷൻ, സാഹിത്യ അക്കാദമി, ദേശീയ മാനവിക വേദി തുടങ്ങിയ എല്ലാ ചുമതലകളിൽ നിന്നും പിൻവാങ്ങുന്നവെന്നാണ് അദ്ദേഹം അറിയിച്ചത്. തന്റെ ഫേസ്ബുക്ക് പേജിലൂടെയായിരുന്നു ഇക്കാര്യം വ്യക്തമാക്കിയത്. അനാരോഗ്യം കാരണമാണ് പിൻമാറ്റം.

'എനിക്ക് ഭൂമിയിൽ വളരെ കുറച്ച് സമയമേ ഉള്ളൂവെന്ന മുന്നറിയിപ്പ് നേരത്തെ ലഭിച്ചിരുന്നു. എനിക്ക് ലാപ്ടോപ്പിൽ കൂടുതൽ സമയം ചെലവഴിക്കേണ്ടതുണ്ട്. ഞാൻ ഒരു സംഘാടകനായി സഹകരിച്ചിട്ടുള്ള എല്ലാ സംഘടനകളും വിടുന്നു',– സച്ചിദാനന്ദൻ കുറിച്ചു.

നവംബറിന്റെ തുടക്കത്തിൽ തനിക്ക് താത്കാലിക മറവി രോഗം ബാധിച്ചതിനാൽ പതുക്കെ പൊതുജീവിതം അവസാനിപ്പിക്കുകയാണെന്ന് സച്ചിദാനന്ദൻ ഫേസ്ബുക്കിൽ കുറിച്ചിരുന്നു. കവിതയുമായി ബന്ധപ്പെട്ടവയിലും ഈ ടേം കഴിയും വരെ അക്കാദമിയുടെ ചില പരിപാടികളിലും മാത്രമേ പങ്കെടുക്കൂവെന്നുമാണ് അദ്ദേഹം അറിയിച്ചിരുന്നു.

അതേസമയം, സച്ചിദാനന്ദൻ ഔദ്യോഗിക ചുമതലകളിൽ നിന്ന് ഒഴിവായത് അറിയില്ലെന്ന് സാഹിത്യ അക്കാദമി സെക്രട്ടറി അബൂബക്കർ പറഞ്ഞു. ആരോഗ്യ കാരണങ്ങളാൽ രണ്ടാഴ്ച വിശ്രമമാണ് തേടിയത്. ഇന്ന് അക്കാദമി കാര്യങ്ങൾ സംസാരിച്ചതായും അദ്ദേഹം വ്യക്തമാക്കി.

ഏത് കൊമ്പത്തിരിക്കുന്നവരായാലും കൈകാര്യം ചെയ്യും, മാദ്ധ്യമപ്രവർത്തകർക്ക് നേരെ സുരേന്ദ്രന്റെ ഭീഷണി

തിരു : മാദ്ധ്യമപ്രവർത്തകർക്കുനേരെ ഭീഷണി മുഴക്കി ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ സുരേന്ദ്രൻ. പാലക്കാട് തിരഞ്ഞെടുപ്പിന്റെ പേരിൽ വാർത്ത നൽകിയവരെ കൈകാര്യം ചെയ്യുമെന്ന് കെ സുരേന്ദ്രൻ മാദ്ധ്യമങ്ങളോട് പറഞ്ഞു.

'അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ഞാൻ ഒരുകാര്യം വ്യക്തമാക്കാം. പാലക്കാട് ഉപതിരഞ്ഞെടുപ്പിന്റെ മറവിൽ നുറുകണക്കിന് ബലിദാനികൾ ജീവൻ നൽകി പടുത്തുയർത്തിയ ഒരു മഹാപ്രസ്ഥാനത്തെ കരിവാരിതേയ്ക്കാൻ കഴിഞ്ഞ ദിവസങ്ങളിലായി മാദ്ധ്യമങ്ങൾ നടത്തുന്ന ശ്രമത്തെ ഒരു തരത്തിലും അംഗീകരിക്കില്ല. അത്തരം നെറികേടുകൾ കാണിച്ച ഒരുത്തനെയും വെറുതെ വിടില്ല. കേരളത്തിലെ മാദ്ധ്യമ പ്രവർത്തകരോടാണ് പറയുന്നത്. ഒരു മഹാപ്രസ്ഥാനത്തെ പൊതുസമൂഹത്തിന് മുന്നിൽ അപകീർത്തിപ്പെടുത്താൻ ശ്രമിച്ച ഒരു മാദ്ധ്യമപ്രവർത്തകനെയും വെറുതെവിടില്ല. കള്ളവാർത്തകൾ കൊടുക്കുകയും അത് പ്രചരിപ്പിക്കുകയും ചെയ്തവർ ഏത് കൊമ്പത്തിരിക്കുന്നവരായാലും അവരെ ശരിയായ നിലയിൽ കൈകാര്യം ചെയ്യും'– സുരേന്ദ്രൻ വ്യക്തമാക്കി.

പാലക്കാട് ഉപതിരഞ്ഞെടുപ്പ് തോൽവിയിൽ കെ സുരേന്ദ്രനെതിരെ വലിയ വിമർശനം ഉയർന്നിരുന്നു. പിന്നാലെ സുരേന്ദ്രൻ രാജി സന്നദ്ധത അറിയിക്കുകയും ചെയ്തു. തോൽവിയുടെ ധാർമിക ഉത്തരവാദിത്തം ഏറ്റെടുക്കുന്നുവെന്നും സുരേന്ദ്രൻ വ്യക്തമാക്കിയിരുന്നു. ദേശീയ പ്രസിഡന്റ് ജെ. പി നദ്ദ, സംഘടനാ ജനറൽ സെക്രട്ടറി ബി.എൽ സന്തോഷ് എന്നിവരെയാണ് രാജി സന്നദ്ധത അറിയിച്ചത്. എന്നാൽ, പാലക്കാട്ടെ സാഹചര്യം പരിശോധിക്കുമെന്നും ആവശ്യമായ നടപടികൾ എടുക്കുമെന്നും കേന്ദ്ര നേതൃത്വം സുരേന്ദ്രനെ അറിയിച്ചു.

സംസ്ഥാന അദ്ധ്യക്ഷനായി നിയമസഭാ തിരഞ്ഞെടുപ്പ് വരെ സുരേന്ദ്രൻ തുടരട്ടെയെന്നാണ് കേന്ദ്ര നേതൃത്വത്തിന്റെ നിലപാട്. പാലക്കാട്ടെ തോൽവി സംബന്ധിച്ച് സുരേന്ദ്രൻ നൽകിയ റിപ്പോർട്ട് കേന്ദ്ര നേതൃത്വം അംഗീകരിച്ചു. പാലക്കാട് ബിജെപി നേതാക്കളെ പരസ്യപ്രതികരണത്തിൽ നിന്നും വിലക്കിയതോടെ ഇനിയൊരു പൊട്ടിത്തെറി ഉണ്ടാകില്ലെന്ന വിലയിരുത്തലിലാണ് നേതൃത്വം.

പനി ബാധിച്ച് മരിച്ച വിദ്യാർഥിനി 5മാസം ഗർഭിണി; സഹപാഠിയുടെ രക്തസാമ്പിൾ പരിശോധിക്കും

അടൂർ: പനി ബാധിച്ച് ചികിത്സയിലിരിക്കെ മരിച്ച പ്ലസ് ടു വിദ്യാർഥിനിയുടെ സഹപാഠിയുടെ രക്തസാമ്പിൾ പരിശോധിക്കും. പോസ്റ്റുമോർട്ടത്തിൽ വിദ്യാർഥി 5 മാസം ഗർഭിണിയാണെന്ന് കണ്ടെത്തിയിരുന്നു. ഇതേ തുടർന്നാണ് പെൺകുട്ടിയുടെ സുഹൃത്തായ 17-കാരന്റെ രക്തസാമ്പിളുകൾ പരിശോധയ്ക്ക് അയച്ചത്. ഗർഭസ്ഥ ശിശുവിന്റെ ഡിഎൻഎ സാമ്പിളുകളും ശേഖരിച്ചിട്ടുണ്ട്.

ഗർഭസ്ഥ ശിശുവിന്റെ പിതൃത്വം തെളിയിക്കാനുള്ള അന്വേഷണത്തിലാണ് നിലവിൽ പോലീസ്. അതിനുശേഷം അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികളുണ്ടായേക്കും. ആദ്യം അസ്വാഭാവിക മരണത്തിനാണ് കേസെടുത്തിരുന്നത്. പിന്നീട് പോക്സോ നിയമപ്രകാരവും കേസെടുക്കുകയായിരുന്നു.

മരിച്ച 17-കാരി പത്തനംതിട്ടയിലെ പ്രമുഖ വിദ്യാഭ്യാസ സ്ഥാപനത്തിലാണ് പഠിക്കുന്നത്. പനി ബാധിച്ച പെൺകുട്ടി ഒരാഴ്ചയോളം പത്തനംതിട്ടയിലെ വിവിധ ആശുപത്രികളിൽ ചികിത്സയിലായിരുന്നു. നവംബർ 22-ാം തീയതിയാണ് പെൺകുട്ടിയെ വിദഗ്ധ ചികിത്സയ്ക്കായി ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റിയത്. ചികിത്സയിലിരിക്കെ തിങ്കളാഴ്ച പുലർച്ചെയോടെ മരണം സംഭവിക്കുകയായിരുന്നു.

പെൺകുട്ടിയുടെ മരണത്തിൽ അസ്വാഭാവികത തോന്നിയതിനാലാണ് പോസ്റ്റ്മോർട്ടം നടത്താൻ തീരുമാനിച്ചത്. പോസ്റ്റ് മോർട്ടത്തിലാണ് പെൺകുട്ടി 5 മാസം ഗർഭിണിയാണെന്ന് കണ്ടെത്തിയത്. പെൺകുട്ടി അമിതമായ അളവിൽ മരുന്ന് കഴിച്ചതായും സംശയിക്കുന്നുണ്ട്.

തെളിവുകൾ കെട്ടിച്ചമക്കുമെന്ന് നവീൻ ബാബുവിന്റെ ഭാര്യ; കേസ് ഡയറി ഹാജരാക്കാൻ കോടതി നിർദേശം

കൊച്ചി: എഡിഎം നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസ് ഡയറി ഹാജരാക്കണമെന്ന് ഹൈക്കോടതി. ഡിസംബർ ആറിന് കേസ് ഡയറി ഹാജരാക്കാനാണ് കോടതി നിർദേശം. സി ബി ഐക്കും കോടതി നോട്ടീസ് അയച്ചു.ഡിസംബർ 9ന് കേസിൽ വിശദവാദം കോടതി കേൾക്കും. എ.ഡി.എം നവീൻ ബാബുവിനെ കൊന്ന് കെട്ടിത്തൂക്കിയതാകാമെന്ന സംശയം ഉന്നയിച്ച് ഭാര്യ കെ. മഞ്ജുഷ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് ഹൈക്കോടതിയുടെ തീരുമാനം.

ഇപ്പോൾ നടക്കുന്ന കേസന്വേഷണം തൃപ്തികരമല്ലെന്നും അന്വേഷണം സി ബി ഐക്ക് കൈമാറണമെന്നും ആവശ്യപ്പെട്ടുകൊണ്ടാണ് മഞ്ജുഷ ഹൈക്കോടതിയിൽ ഹർജി സമർപ്പിച്ചത്. നവീൻ ബാബുവിനെ കൊന്ന് കെട്ടിത്തൂക്കിയാതാകാമെന്ന സംശയവും ഹർജിയിൽ ഉന്നയിച്ചിരുന്നു.

ഒക്ടോബർ 15- ന് രാവിലെ 8ന് കളക്ട്രേറ്റ് ഉദ്യോഗസ്ഥനാണ് നവീൻബാബു മരിച്ചതായി അറിയിച്ചത്. എന്നാൽ, വീട്ടുകാർ എത്തും മുൻപേ പോലീസ് തിടുക്കപ്പെട്ട് ഇൻക്വസ്റ്റ് തയാറാക്കിയത് സംശയകരമാണ്. ഇൻക്വസ്റ്റിന് ഉറ്റബന്ധുക്കളുടെ സാന്നിദ്ധ്യം ഉറപ്പാക്കണമെന്ന നിയമം ലംഘിക്കപ്പെടുകയാണ് ചെയ്തത്. നവീൻബാബുവിനെ കൊന്ന് കെട്ടിത്തൂക്കിയതാകാമെന്ന സംശയം ബലപ്പെടുത്തുന്നതാണ് ഈ സംഭവങ്ങൾ.

കൂടാതെ, യാത്രയയപ്പ് യോഗത്തിന് ശേഷം നവീൻബാബുവിനെ ആരെല്ലാം സന്ദർശിച്ചു എന്നത് കണ്ടെത്തേണ്ടത് അനിവാര്യമാണ്. നവീൻബാബു ഉണ്ടായിരുന്ന കളക്ട്രേറ്റ് പരിസരത്തേയും സ്റ്റാഫ് ക്വാർട്ടേഴ്സിലേയും റെയിൽവേ സ്റ്റേഷനിലേയും സി.സി.ടി.വി. ദൃശ്യങ്ങളിലൂടെ ഇക്കാര്യങ്ങൾ വ്യക്തമാകും. എന്നാൽ, കേസ് അന്വേഷിച്ച പ്രത്യേക അന്വേഷണ സംഘം ഈ സി സി ടി വി ദൃശ്യങ്ങളൊന്നും പിടിച്ചെടുത്തിട്ടില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. നവീൻ കോഴ വാങ്ങിയെന്നാരോപിച്ച് പെട്രോൾ പമ്പ് അപേക്ഷകൻ മുഖ്യമന്ത്രിക്ക് അയച്ചതായി പറയുന്ന കത്ത് കെട്ടിച്ചമച്ചതാണെന്നും ഹർജിയിൽ ആരോപിക്കുന്നു.

പി.പി.ദിവ്യയുടെ പങ്കിനെക്കുറിച്ച് പ്രത്യേക അന്വേഷണ സംഘം സമഗ്രമായ അന്വേഷണം നടത്തിയിട്ടില്ലെന്നും ഹർജിയിൽ ആരോപിക്കുന്നു

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

നവ ഭാരതത്തിന്റെ ജാതകമാണ് ഭരണഘടന: തേറമ്പിൽ രാമകൃഷ്ണൻ

തൃശ്ശൂർ: സ്വതന്ത്രഭാരതത്തിന്റെ ജാതകമാണ് ഭരണഘടനയെന്ന് മുൻ നിയമസഭാ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു. രാജ്യത്തിന്റെ നിലനിൽപ്പ് തന്നെ ഭരണഘടനയുടെ കെട്ടുറപ്പാണ്. അതിന്റെ അന്ത :സത്ത കാത്തു സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ഭരണഘടനയുടെ ശിൽപ്പികൾ എന്ന നിലയിൽ കോൺഗ്രസ് പ്രവർത്തകരായ നമ്മളിൽ നിക്ഷിപ്തമാണെന്ന് ഭരണഘടനയുടെ ആമുഖം വായിച്ച് തേറമ്പിൽ രാമകൃഷ്ണൻ പറഞ്ഞു. എ ഐ സി സി യുടെ ആഹ്വാന പ്രകാരം ഡി സി സി യിൽ നടത്തിയ ഭരണഘടനാ സംരക്ഷണ ദിനാചരണ ചടങ്ങ് ഉത്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു തേറമ്പിൽ രാമകൃഷ്ണൻ. ഡി സി സി വൈസ് പ്രസിഡന്റ് അഡ്വ ജോസഫ് ടാജറ്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പി എ മാധവൻ, എം പി വിൻസെന്റ്, ജോസഫ് ചാലിശ്ശേരി,എം കെ അബ്ദുൾ സലാം, സുനിൽ അന്തിക്കാട്, ജോൺ ഡാനിയൽ, നിജി ജസ്റ്റിൻ, കെ എച്ച് ഉസ്മാൻഖാൻ, കെ ഗോപാലകൃഷ്ണൻ, സിജോ കടവിൽ, ബൈജു വർഗീസ്, ടി കെ പൊറിഞ്ചു, കെ ബി ജയറാം, പി ശിവശങ്കരൻ, സി ഡി ഏന്റസ്, ജൈജു സെബാസ്റ്റ്യൻ, ഫ്രാൻസിസ് ചാലിശ്ശേരി, സിജോ ജോർജ്, ഹരീഷ് മോഹൻ എന്നിവർ സംസാരിച്ചു.

സെന്റ് ജോസഫ്സ് കോളേജ് സംഘടിപ്പിക്കുന്ന 'ഫിറ്റ് 4 ലൈഫ്'

ഇരിങ്ങാലക്കുട: ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളേജ് (ഓട്ടോണമസ്) സംഘടിപ്പിക്കുന്ന ആരോഗ്യ വികസന സംരംഭമായ 'FIT 4 LIFE' വിദ്യാർത്ഥികൾക്കും അധ്യാപകർക്കും പ്രാദേശിക സമൂഹത്തിനും സമഗ്രമായ ആരോഗ്യവും ക്ഷേമവും പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുള്ള നൂതന പരിപാടിയാണ്. 2024 ഒക്ടോബർ മുതൽ ജനുവരി 2025 വരെ നീണ്ടുനിൽക്കുന്ന വിവിധ പരിപാടികളാണ് 'FIT 4 LIFE' ലൂടെ ഉദ്ദേശിക്കുന്നത്. ആരോഗ്യ സംബന്ധമായ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, ഫിറ്റ്നസ് പ്രോഗ്രാമുകൾ, ഫിറ്റ്നസ് ചലഞ്ച് ഗെയിമുകൾ, മെഡിക്കൽ ചെക്കപ്പുകൾ, ഫിറ്റ്നസ് ഡാൻസ് പ്രോഗ്രാമുകൾ, മത്സരങ്ങൾ, ബോധവൽക്കരണ പരിപാടികൾ തുടങ്ങി നിരവധി ആരോഗ്യ കേന്ദ്രീകൃത പ്രവർത്തനങ്ങളിലൂടെ ശാരീരിക ക്ഷമത, മാനസിക ക്ഷേമം, സന്തുലിത ജീവിതശൈലി എന്നിവയുടെ പ്രാധാന്യം സമൂഹത്തെ ബോധ്യപ്പെടുത്തുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ആരോഗ്യ വിദ്യാഭ്യാസത്തെ ദൈനംദിന ജീവിതത്തിലേക്ക് സമന്വയിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട്, ശാക്തീകരിക്കപ്പെട്ട, ആരോഗ്യമുള്ള, സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരെ പരിപോഷിപ്പിക്കുക എന്ന കോളേജിന്റെ ദൗത്യവുമായി ഒത്തുചേർന്ന് വ്യക്തിപരവും കൂട്ടായതുമായ വളർച്ചയെ പരിപോഷിപ്പിക്കുന്ന ഒരു ആരോഗ്യ സംസ്കാരം സൃഷ്ടിക്കാനാണ് ഈ സംരംഭത്തിലൂടെ ഉദ്യമിക്കുന്നത്.

'FIT 4 LIFE' എന്ന ആരോഗ്യ വികസന സംരംഭത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം നവംബർ 28 രാവിലെ 9.30 ന് ഉന്നത വിദ്യാഭ്യാസ,സാമൂഹ്യ നീതി വകുപ്പ് മന്ത്രി ആർ. ബിന്ദു നിർവഹിക്കും.

രാവിലെ 9.30 ന് കോളേജ് അങ്കണത്തിൽ മെഗാ എയ്റോബിക്സ് ഡാൻസ് പെർഫോർമൻസ് അരങ്ങേറും. കോളേജിലെ വിദ്യാർത്ഥിനികൾ, അധ്യാപക- അനാധ്യാപകർ ഒത്തു ചേർന്ന് ഏകദേശം 2500 പേരുടെ മെഗാ എയ്റോബിക്സ് ഡാൻസ് പെർഫോർമൻസാണ് ഒരുങ്ങുന്നത്.

ജീവിത ശൈലി രോഗങ്ങൾക്ക് വ്യായാമമാണ് മരുന്ന് എന്ന സന്ദേശം ഉയർത്തിപിടിച്ചുകൊണ്ട് കോളേജിൽ സംഘടിപ്പിച്ചു വരുന്ന ആരോഗ്യ പരിപാലന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് ഈ മെഗാ പെർഫോമൻസ് നടക്കുന്നത്. URF Asian Record ന്, ഈ മെഗാ എറോബിക്സ് ഡാൻസിലൂടെ കോളേജ് ശ്രമിക്കുന്നുണ്ട്. ഉദ്ഘാടന ചടങ്ങിൽ ശുചിത്വ കർമ്മ സേനയെ ആദരിക്കും.

'FIT 4 LIFE' ന്റെ ഭാഗമായി 30ൽ പരം ആരോഗ്യസംബന്ധ പരിപാടികളാണ് കോളേജിലും മറ്റ് സ്ഥലങ്ങളിലുമായി നടത്തുന്നത്. ഒക്ടോബർ മുതൽ ആരംഭിച്ച പരിപാടികൾ ജനുവരി അവസാനം വരെ നീളും. പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി, ഐക്യുഎസി കോർഡിനേറ്റർ ഡോ. റ്റി.വി ബിനു,ഫിറ്റ് 4 ലൈഫ് കോർഡിനേറ്റർ ഡോ സ്റ്റാലിൻ റാഫേൽ, ഫിറ്റ് ഫോർ ലൈഫ് കൺവീനർ തുഷാര ഫിലിപ്പ് മീഡിയ കൺവീനർ അഞ്ജു ആന്റണി, ചെയർപേഴ്സൺ ഗായത്രി മനോജ് എന്നിവർ പത്ര സമ്മേളനത്തിൽ പങ്കെടുത്തു

ബ്രദർ ലൂയീസ് മഞ്ഞളി അനുസ്മരണ സമ്മേളനം നടത്തി

തൃശ്ശൂർ: സന്യാസസഭ ആചാര്യനും സാഹിത്യകാരനും മേരിവിജയം സ്ഥാപക എഡിറ്ററുമായിരുന്ന ബ്രദർ ലൂയീസ് മഞ്ഞളിയുടെ 13-ാം ചരമവാർഷിക അനുസ്മരണം ബ്ര. ലൂയീസ് മഞ്ഞളി സ്മാരകസമിതിയുടെ നേതൃത്വത്തിൽ വെണ്ടോർ പള്ളിയിൽ നടത്തി.

രാവിലെ 7ന് വി. കുർബ്ബാനയും ഒപ്പിസും നടന്നു. തുടർന്ന് പാരീഷ് ഹാളിൽ ചേർന്ന യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് വി.എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. 'നിരവധിയാളുകൾ മരണംമൂലം വേർപിരിഞ്ഞുപോയിട്ടുണ്ടെങ്കിലും ചില മഹാ മനുഷ്യർ വഴിക്കാട്ടികളായി ദീപസ്തംഭമായി സമൂഹത്തിൽ നിലനില്ക്കുമെന്നും അത്തരമൊരാളായിരുന്നു സന്യാസിവര്യനായിരുന്നു ബ്ര. മഞ്ഞളിയെന്നും അദ്ദേഹമാരംഭിച്ച മാസിക തുടർന്നും നിലനിർത്തണമെന്നും അഭിപ്രായപ്പെട്ടു'. എം.എം.ബി. ജനറാൾ ബ്ര. ബാസ്റ്റിൻ കരുവേലിൽ മുഖ്യപ്രഭാഷണം നടത്തി. 'ഞാൻ സഭയിൽ ചേരുമ്പോൾ സുപ്പീരിയറായിരുന്ന ബ്ര. മഞ്ഞളി സഭയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളും മേരിവിജയം മാസിക, സാഹിത്യ സമിതി എന്നിവയുടെ സ്ഥാപകനും എം.എം.ബി. സഭയുടെ വളർച്ചയിൽ മുഖ്യ പങ്കുവഹിച്ച ആചാര്യനുമായിരുന്നെന്ന് അഭിപായപ്പെട്ടു'.

ഫാ. ജോസ് പുന്നോലിപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. വി.എ. വർഗ്ഗീസ്, സിസ്റ്റർ ടെസ്സി. ബേബി മൂക്കൻ, അഡ്വ. ജോസി ജോണി, ഫാ. ബെൽവിൻ തട്ടിൽ, ട്രസ്റ്റി സിറിൾ മഞ്ഞളി, ജോൺസൻ കാഞ്ഞിരത്തിങ്കൽ, ജോയ് പോൾ, ജോൺസൻ മഞ്ഞളി എന്നിവർ പ്രസംഗിച്ചു.

നേരത്തെ പുഷ്പാർച്ചനയും ഉണ്ടായിരുന്നു. ബ്ര. മഞ്ഞളിയുടെ 'ഒലീവ് പൂക്കൾ' എന്ന നോവൽ ഇംഗ്ലീഷിലും തെലുങ്കിലും പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കാൻ യോഗം തീരുമാനിച്ചു.

പരിപാടികൾക്ക് മെൽജിൻ, ജോസഫ് കാരക്കട, നെപ്പോ ചിറമ്മൽ, പീറ്റർ കരിപ്പേരി തുടങ്ങിയവർ നേതൃത്വം നൽകി.

നിര്യാതരായി

വിജയ്മേനോൻ

ഇരിഞ്ഞാലക്കുട : മണ്ണാത്തിക്കുളം റോഡ് സബ്ബ് ലൈൻ 1ൽ പുത്തൻ വീട്ടിൽ വിജയ് മേനോൻ (89) നിര്യാതനായി ഭാര്യ: വസന്തകുമാരി, മകൻ: ഗോപീകൃഷ്ണൻ. മരുമകൾ : ശ്യാമ. സംസ്കാരം തൃശൂർ പാറമേക്കാവ്ശാന്തിഘട്ടിൽ നടന്നു

സതി നാരായണൻ

തൃശൂർ പടിഞ്ഞാറെ ചിറ റോഡിൽ കൃഷ്ണ കൃപയിൽ അരങ്ങത്ത് സതി നാരായണൻ 62 വയസ്സ് നിര്യാതയായി. ഭർത്താവ് നാരായണൻ, മക്കൾ അർജുൻ അഞ്ജലി, മരുമക്കൾ ജയശ്രീ, നിതിൻ സംസ്കാരം 28 ന് 3 മണിക്ക് പാറമേക്കാവ് ശാന്തി ഘട്ടിൽ

ഒളിവിലായിരുന്ന പീഡനക്കേസ് പ്രതി പിടിയിൽ

ഇരിങ്ങാലക്കുട : യുവതിയെ ശാരീരിക പീഢനത്തിന് ഇരയാക്കിയ കേസിൽ കഴിഞ്ഞ കുറേ മാസങ്ങളായി ഒളിവിൽ കഴിഞ്ഞിരുന്ന അന്തിക്കാട് എറവ് സ്വദേശി ചാലിശ്ശേരി കുറ്റുക്കാരൻ വീട്ടിൽ സോണി (40) പോലീസിന്റെ പിടിയിലായി.

തൃശൂർ റൂറൽ ജില്ലാ പോലീസ് മേധാവി ഡോ നവനീത് ശർമ്മയുടെ നിർദ്ദേശ പ്രകാരം ഇരിങ്ങാലക്കുട ഡി വൈ എസ് പി കെ ജി സുരേഷിന്റെ നേതൃത്വത്തിൽ സർക്കിൾ ഇൻസ്പെക്ടർ അനീഷ് കരീമാണ് സോണിയെ അറസ്റ്റു ചെയ്തത്.

ഇക്കഴിഞ്ഞ ജനുവരിയിലായിരുന്നു കേസിന് ആസ്പദമായ സംഭവം. ചില കുടുംബ പ്രശ്നങ്ങളിൽ പെട്ട യുവതിയുടെ അവസ്ഥ മുതലെടുത്ത ഇയാൾ നിർബ്ബന്ധിച്ച് അവരെ പീഡനത്തിന് ഇരയാക്കുകയായിരുന്നു.

പരാതിയെ തുടർന്ന് പോലീസ് കേസ് എടുത്തതോടെ ഇയാൾ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് നാട്ടിൽ നിന്നും മുങ്ങി. പിന്നീട് കർണ്ണാടകയിൽ വിവിധ സ്ഥലങ്ങളിൽ ഒളിവിൽ താമസിച്ചു. കുറച്ചു ദിവസം മുൻപ് എറണാകുളത്ത് എത്തിയ ശേഷം ഓൺലൈൻ പരസ്യം വഴി ഒരു നിർമ്മാണ കമ്പനിയിൽ ഡ്രൈവറായി ജോലിക്ക് കയറുകയും ചെയ്തു.

എന്നാൽ പോലീസ് ഇയാളുടെ ബന്ധുക്കൾ അടക്കമുള്ളവരെ നിരീക്ഷിച്ച് രഹസ്യമായി അന്വേഷണം നടത്തുന്നുണ്ടായിരുന്നു. ചൊവ്വാഴ്ച്ച രാവിലെ തൃക്കാക്കരയിൽ വെച്ച് ഇയാൾ ഓടിച്ചിരുന്ന വാഹനം തടഞ്ഞാണ് പോലീസ് ഇയാളെ പിടികൂടിയത്. നിയമനടപടികൾ പൂർത്തിയാക്കി കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു.

ഇരിങ്ങാലക്കുട സർക്കിൾ ഇൻസ്പക്ടർ അനീഷ് കരീം, എ എസ് ഐ കെ വി ഉമേഷ്, സീനിയർ സി പി ഓ മാരായ ഇ എസ് ജീവൻ, രാഹുൽ അമ്പാടൻ, സി പി ഓ കെ എസ് ഉമേഷ് എന്നിവർ അടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്.

വാർത്താച്ചുരുക്കം

* സൂര്യകാന്തി ഫെസ്റ്റിവൽ 28 മുതൽ ഡിസംബർ ഒന്നുവരെ സാഹിത്യ നാടക അക്കാദമി തിയ്യേറ്ററിൽ നടക്കും. പ്രശസ്ത നർത്തകികൾ പങ്കെടുക്കും..
* തൃശൂർ കൾച്ചറൽ ക്യാപിറ്റിൽ മാരത്തോൺ അടുത്തവർഷം ഫെബ്രുവരി 14ന് നടക്കും. എൻഡ്യൂറൻസ് അത്ലറ്റിക്സ് ഓഫ് തൃശൂരാണ് സംഘാടകർ.
* സഹസ്ര കൾച്ചറൽ ട്രസ്റ്റ് സംഘടിപ്പിച്ച കേരള കഥക് മഹോത്സവം സാഹിത്യ നാടക അക്കാദമി തിയ്യറ്റിൽ വിപുലമായി നടന്നു.
* സംഗീത സംവിധായകൻ ജോൺസൺ മാസ്റ്റർ സ്മൃതി ഗാനാലാപന മത്സരം ഡിസംബർ 14,15 തിയ്യതികളിൽ സാഹിത്യ അക്കാദമിഹാളിൽ നടക്കുമെന്ന് അനുസ്മരണ സമിതി അറിയിച്ചു.
* ചൂണ്ടൽ, പഴുനാന, പാലത്തിങ്കൽ ചാത്തുണ്ണി മാസ്റ്റർ ചാരിറ്റിബിൾ ട്രസ്റ്റിന്റെ അരുവി റിഹാബിലിറ്റേഷൻ സെന്ററിന്റെ ക്രിസ്റ്റൽ ജൂബിലിയും ഫാ.വർഗ്ഗീസ് പാലത്തിങ്കലിന്റെ സപ്തതി ആഘോഷം-മന്ദിരം ഉദ്ഘാടനം 29ന് നടക്കും. അരുവി പുനരാധിവാസ കേന്ദ്രത്തിൽ നടക്കുന്ന ചടങ്ങിൽ ഗവർണർ ആരീഫ് മുഹമ്മദ് ഖാൻ പങ്കെടുക്കും.
* തൃശൂർ മാർത്ത് മറിയം വലിയപള്ളി മെൻസ് അസോസിയേഷനും ശാന്തിഭവൻ പാലിയേറ്റീവ് ആശുപത്രിയും സംയുക്തമായി പള്ളിയങ്കണത്തിൽ സൗജന്യ മെഡിക്കൽ കാരണവൻ ക്യാമ്പ് നടത്തി.
* പൈതൃകം ഗുരുവായൂർ ഏർപ്പെടുത്തിയ കർമ്മശ്രേഷ്ഠ പുരസ്കാരത്തിന് സംഗീതജ്ഞൻ മണ്ണൂർ എം.പി.രാജകുമാരനുണ്ണി അർഹനായി.
* തൃശൂർ വൈ.ഡബ്ലിയു.സി.എ ചെമ്പൂക്കാവ് ഓഫീസ് അങ്കണത്തിൽ ജീവകാരുണ്യ ഫണ്ട് ശേഖരണാർത്ഥം പ്രദർശനം നടത്തുന്നു. വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശനം 28,29 തിയ്യതികളിലാണ് നടക്കുക.
* വയനാട് , ചേലക്കര, പാലക്കാട് ഉപതെരഞ്ഞെടുപ്പുകളിൽ വാടകക്കെടുത്ത സ്വകാര്യ ബസുകൾക്ക് കൃത്യമായ വേതനം അനുവദിക്കണമെന്ന് തൃശൂർ ഡിസ്ട്രിക്ട് പ്രൈവറ്റ് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ അധികാരികളോട് ആവശ്യപ്പെട്ടു.

'കാളവണ്ടിക്കാലം' കവർ പ്രകാശിതമായി

തൊഴിയൂർ : ഡിസംബർ അവസാനത്തിൽ പുറത്തിറങ്ങാനിരിക്കുന്ന 'കാളവണ്ടിക്കാലം' എന്ന പുസ്തകത്തിന്റെ കവർ പ്രകാശന കർമ്മം വഖഫ് ബോർഡ് ചെയർമാൻ അഡ്വ. എം.കെ സക്കീർ നിർവഹിച്ചു. കഴിഞ്ഞ നൂറ്റാണ്ടിൽ നമ്മുടെ നാടുകളിൽ നിലനിന്നിരുന്ന സമ്പ്രദായങ്ങളും സംഭവങ്ങളുമാണ് പുസ്തകത്തിന്റെ ഉള്ളടക്കം. അറുപത് അധ്യായങ്ങളിലായി ലളിത സുന്ദരമായ ഭാഷയിൽ ഇതിന്റെ രചന നിർവഹിച്ചത് ഡോ. കെവി സൈദ് മുഹമ്മദ് ഹാജിയാണ്. അൽഫനാർ ബുക്സ് തൊഴിയൂരാണ് പ്രസാധകർ. ഗുരുവായൂർ നഗരസഭാ കൗൺസിലർ ഫൈസൽ പൊട്ടത്തയിൽ, റംഷാദ് സൈബർ മീഡിയ, ഡോ. കെ. വി സൈദ് മുഹമ്മദ് ഹാജി, ഹകീം വെളിയത്ത്, സാബിർ പെരുമ്പടപ്പ് , അശ്റഫ് തൊഴിയൂർ, അബൂത്വാഹിർ അണ്ടത്തോട്, മുസ്തഫ തൊഴിയൂർ, ജലീൽ വഹബി അണ്ടത്തോട് തുടങ്ങിയവർ പ്രകാശന ചടങ്ങിൽ സംബന്ധിച്ചു.

സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു

അവിട്ടത്തൂർ: ഇരിഞ്ഞാലക്കുട സെൻട്രൽ റോട്ടറി ക്ലബ്ബും, ആര്യ ഐ കെയർ ഹോസ്പിറ്റലും, ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ ഹയർ സെക്കണ്ടറി വിഭാഗം സ്കൗട്ട്സ് ആൻഡ് ഗൈഡ്സും സംയുക്തമായി കുട്ടികൾക്കും അവിട്ടത്തൂർ നിവാസികൾക്കുമായി നേത്രപരിശോധന ക്യാമ്പ് സംഘടിപ്പിച്ചു. സ്കൂൾ മാനേജർ എ. അജിത്കുമാർ ഉദ്ഘാടനം നിർവഹിച്ചു. സെൻട്രൽ റോട്ടറി പ്രസിഡന്റ് ഷാജു ജോർജ് അധ്യക്ഷത വഹിച്ചു. റോട്ടറി അസിസ്റ്റന്റ് ഗവർണർ പ്രിൻസ് ടി. ജെ . മുഖ്യാതിഥിയായി പങ്കെടുത്തു. ഡോ ആശ സുഗതൻ മുഖ്യ പ്രഭാഷണം നടത്തി.

ആര്യ ഹോസ്പിറ്റൽ ചേർപ്പ് ബ്രാഞ്ച് മാനേജർ ജിഷാദ്, സെൻട്രൽ റോട്ടറി സെക്രട്ടറി രാജേഷ് മേനോൻ, റോട്ടറി മെമ്പർ രതീഷ് മേനോൻ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളായ എ.സി. സുരേഷ്, കെ കെ കൃഷ്ണൻ നമ്പൂതിരി, പ്രിൻസിപ്പൽ ഡോ. എ.വി. രാജേഷ്, ഹെഡ്മാസ്റ്റർ മെജോ പോൾ, ഗൈഡ്സ് ക്യാപ്റ്റൻ പ്രസീദ .ടി .എൻ, കമ്പനി ലീഡർ കീർത്തന മാത്യു, നന്ദന എം.എസ്. എന്നിവർ പ്രസംഗിച്ചു.

ഭരണഘടനാ ദിനചാരണവും നിയമ ബോധവൽക്കരണ ക്ലാസും

തൃശൂർ ജില്ല ലീഗൽ സർവീസ് അതോറിറ്റിയും കൊടുങ്ങല്ലൂർ താലൂക് ലീഗൽ സർവീസ് അതാരിറ്റിയും സംയുക്ത മായി ദേശീയ നിയമ ദിനത്തോടനുബന്ധിച്ചു ഭരണഘടനാ ദിനചാരണവും നിയമ ബോധവത്കരണ ക്ലാസും സംഘടിപ്പിച്ചു. കൊടുങ്ങല്ലൂർ ഗഗഗ്ഗ ഗവണ്മെന്റ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വെച്ച് നടന്ന ദിനചാരണ പരിപാടിയും ബോധവൽക്കരണ ക്ലാസും കൊടുങ്ങല്ലൂർ മുൻസിഫ് -മജിസ്ട്രേറ്റ് (ജൂനിയർ സിവിൽ ജഡ്ജ്)കാർത്തിക.കെ.ഉത്ഘാടനം ചെയ്തു.അഡ്വക്കേറ്റ് അബ്ദുൽ കാദർ കണ്ണേഴത്ത് ഇന്ത്യ ഭരണഘടന യെ കുറിച്ച് ക്ലാസ്സ് നയിച്ചു സ്കൂൾ ഹെഡ് മിസ്ട്രെസ്സ് ഷൈനി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ പാരാ ലീഗൽ സർവീസ് വളണ്ടിയർ ദീഷ്മ രഞ്ജിത്, ബാല വർമ്മ എന്നിവർ സംസാരിച്ചു.

അവകാശ പോരാട്ടങ്ങൾക്ക് തൊഴിലാളികളുടെ ഐക്യ നിര രൂപീകരിക്കും: ജ്യോതിവാസ് പറവൂർ

ഇരിങ്ങാലക്കുട: എ ഫ് ഐ ടി യു 2024-27 വർഷത്തേക്കുള്ള നയവും. പരിപാടികളും വിശദീകരിക്കുന്നതിനായി ജില്ലാ ഭാരവാഹികളുടെയും, അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന യൂണിയൻ സംസ്ഥാന ഭാരവാഹികളുടേയും സംയുക്ത യോഗം തെന്നിലാപുരം രാധാകൃഷ്ണൻ മെമ്മോറിയൽ ഹാളിൽ വെച്ച് സംസ്ഥാന പ്രസിഡന്റ് ജ്യോതിവാസ് പറവൂരിന്റെ നേതൃത്വത്തിൽ പ്രകാശനം ചെയ്തു. സംസ്ഥാന വൈസ് പ്രസിഡണ്ട് സണ്ണി മാത്യു അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി തസ്ലീം മമ്പാട്, സെക്രട്ടറി സിറാജുദ്ദീൻ വൈസ് പ്രസിഡന്റ് ഷാനവാസ് പി ജെ ജമീല സുലൈമാൻ, എം എച്ച് മുഹമ്മദ് എന്നിവർ സംസാരിച്ചു

ശ്രീനാരായണപുരത്ത് കുട്ടികളുടെ ഹരിത സഭ നടത്തി

കൊടുങ്ങല്ലൂർ: മാലിന്യം നവകേരളം പദ്ധതിയുടെ ഭാഗമായി ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ എസ് എൻ പുരം മാർക്കറ്റ് ഓഡിറ്റോറിയൽ വെച്ച് നടത്തിയ കുട്ടികളുടെ മാതൃക ഹരിത സഭയുടെ ഉൽഘാടനം പ്രസിഡന്റ് എം എസ് മോഹനൻ നിർവ്വഹിച്ചു. പങ്കാളിത്തം കൊണ്ടും അവതരണം കൊണ്ടും ശ്രദ്ധേയമായി. 2024 നവംബർ 25 ന് ഉച്ചയ്ക്ക് രണ്ടുമണിക്ക് എസ് എൻ പുരം മാർക്കറ്റ് ഹാളിൽ ആണ് കുട്ടികളുടെ ഹരിത സഭ സംഘടിപ്പിച്ചത്. ഗ്രാമ പഞ്ചായത്ത് പരിധിയിലെ 18 വിദ്യാലയങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 170 വിദ്യാർത്ഥികളും 25 അധ്യാപകരും,ജനപ്രതിനിധികളും, വിവിധ റിസോഷ് സ്പേഴ്സൺമാരും ഹരിത കർമ്മ സേനാംഗങ്ങളും ഉൾപ്പെടെ 250 ൽ പരം പ്രതിനിധികളാണ് സഭയിൽ പങ്കെടുത്തത്.പദ്ധതിയുടെ ഭാഗമായി 9 വിദ്യാലയങ്ങളും 22 ഓഫീസുകളും ഹരിത വിദ്യാലയങ്ങളായും ഹരിത ഓഫീസ് കളായും പ്രഖ്യാപിച്ചു.പരിപാടിയിൽ പങ്കെടുത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും നൽകിയ ഹരിതസഭ സർട്ടിഫിക്കറ്റുകളുടെ വിതരണവും പ്രസിഡന്റ് നിർവ്വഹിച്ചു.വിദ്യാർത്ഥികളുടെ ഹരിതസഭ പാനലിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എച്ച് എസ് എസ് പനങ്ങാടിലെ നിവേദ്യ പ്രസാദ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ശിവന്യ,ഫഹമ ഫാത്തിമ, മുഹമ്മദ് സഫാൻ,ഐഷ തുടങ്ങിയവർ വിവിധ റിപ്പോർട്ടുകൾ അവതരിപ്പിച്ചു. വികസന കാര്യം ചെയർമാൻ കെ എ അയൂബ്,വാർഡ് മെമ്പർമാരായ ഇബ്രാഹിംകുട്ടി,രമ്യ പ്രദീപ്,ജിബി മോൾ, അസി.സെക്രട്ടറി അബ്ദുള്ള ബാബു, ജൂനിയർ സൂപ്രണ്ട് രതീഷ് പി എസ്,ഹരിത കേരളം മിഷൻ കോഡിനേറ്റർ വിനീത, ഡോൺ ഡൊമിനിക്,കില തീമാറ്റിക് എക്സ്പേർട്ട് രേഷ്മ,ശുചിത്വ മിഷൻ കോഡിനേറ്റർ കീർത്തന തുടങ്ങിയവർ സംസാരിച്ചു.

സീനിയർ ജേണലിസ്റ്റ്സ് ഫോറം കേരളയുടെ 12-ാം സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ നടന്ന പുസ്തകപ്രകാശനചടങ്ങിൽ സീനിയർ പത്ര പ്രവർത്തകനായ കെ.പി.ആന്റണി രചിച്ച 'തൃശൂർ ചരിതം ചില അനുഭവങ്ങൾ' എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം പ്രമുഖ സാഹിത്യകാരനായ പി.വി.കൃഷ്ണനായർ ജനറൽ പത്രത്തിന്റെ എഡിറ്ററും സഹകാരിയുമായ ജോണി ചാണ്ടിക്ക് നൽകികൊണ്ട് നിർവ്വഹിക്കുന്നു

കാട്ടൂർ പഞ്ചായത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ പുതിയ സംരംഭങ്ങൾ

ഇരിങ്ങാലക്കുട : കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നുള്ള നാല് ലക്ഷം രൂപ ഉപയോഗിച്ച് കാട്ടൂർ പഞ്ചായത്തിൽ വാർഡ് 10 ൽ ഇല്ലിക്കാടിൽ രണ്ട് പുതിയ സംരംഭങ്ങൾക്ക് തുടക്കമായി. രണ്ടര ലക്ഷം രൂപ ചിലവഴിച്ച് ടെർമറിക് പ്രൊഡ്യൂസർ ഗ്രൂപ്പും ഒന്നര ലക്ഷം രൂപയിൽ ബൈഡ പാരന്റ് സ്റ്റോക്ക് യൂണിറ്റുമാണ് ആരംഭിച്ചിരിക്കുന്നത്. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. കുടുംബശ്രീയുടെ നേതൃത്വത്തിൽ വരുമാനദായകമായ കൂടുതൽ സംരംഭങ്ങൾ വരേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. പഞ്ചായത്ത് പ്രസിഡണ്ട് കുമാരി ടി വി ലത അധ്യക്ഷത വഹിച്ചു. ജില്ലാ മിഷൻ എഡി എംസി സിജുകുമാർ പദ്ധതി അവതരണം നടത്തി. പഞ്ചായത്ത് വൈസ്-പ്രസിഡണ്ട് വി എം കമറുദ്ദീൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എൻ സി രമാഭായ് , പി എസ് അനീഷ്, രഹി ഉണ്ണികൃഷ്ണൻ, ബ്ലോക്ക് മെമ്പർ അമിത മനോജ് എന്നിവർ ആശംസകൾ നേർന്നു. സിഡിഎസ് ചെയർപേഴ്സൺ അജിത ബാബു സ്വാഗതവും സിഡിഎസ് മെമ്പർ റെമീന ടി കെ നന്ദിയും പറഞ്ഞു.

VEHICLE FOR SALE

SHRIRAM FINANCE LTD.

2nd Floor, Ottapath Tower, Near Aswani Hospital
PATTURAIKKAL, THRISSUR-680020

Vehicle No	Vehicle Description	Year of manufacturing
KL08 BY 9125	EICHER PRO 2059XP BS6 FBT	2022 MODEL

CHANGE OF NAME

I, **SAHIDA YOUSUF MULAMPARAMBIL,** HOLDER OF PASSPORT NO F6156923, DO HERE BY CHANGE THE NAME AS **SAHIDA P.M.** FOR THE PURPOSE OF PASSPORT.

Sd/-
SAHIDA P.M.

കോടതി പരസ്യം

**ബഹു. തൃശൂർ മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ